പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*176 06/02/2019-ൽ മറുപടിക്ക്

## ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. സ്വരാജ്<br>ശ്രീ.സജി ചെറിയാൻ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.യു. ആർ. പ്രദീപ് | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി) | |
| എ) | ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും അവ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനും കുടുംബാരോഗ്യ കേന്ദ്രങ്ങൾ മുഖേന എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; | എ) | കുടുംബാരോഗ്യ കേന്ദ്രത്തിലെ ഒരു സ്റ്റാഫ് നേഴ്സിന് ജീവിതശൈലി രോഗ നിയന്ത്രണത്തിന്റെ പൂർണ്ണ ചുമതല നൽകുകയും ജീവിതശൈലി രോഗനിയന്ത്രണത്തിനായി പ്രത്യേക പ്രീ ചെക്കപ്പ് ഏരിയ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എത്തുന്ന 30 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ രോഗികളും ഡോക്ടറെ സന്ദർശിക്കുന്നതിന് മുമ്പ് പ്രീചെക്കപ്പ് മുറിയിലെ പ്രാഥമിക പരിശോധനകളായ രക്തസമ്മർദ്ദം, രക്തത്തിലെ പഞ്ചസാരയുടെ അളവ്, ബിഎംഐ, പൾമണറി ഫങ്ഷൻസ് ടെസ്റ്റ്, ഡയബറ്റിക് റെറ്റിനോപ്പതി ചെക്കപ്പ് (തെരഞ്ഞെടുത്ത ജില്ലകൾ) എന്നിവ പരിശോധിച്ച് പരിശോധന ഫലവുമായിട്ടാണ് ഡോക്ടറെ സമീപിക്കേണ്ടത്. 2017-18 ൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ തെരഞ്ഞെടുത്ത മുഴുവൻ കേന്ദ്രങ്ങളിലും ഒരു ലാബോറട്ടറി ടെക്നീഷ്യന്റെ തസ്തിക സൃഷ്ടിക്കുകയും ലാബോറട്ടറി സൗകര്യം ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഇത് വഴി പ്രമേഹത്തിന്റെ രോഗ നിർണ്ണയം പൂർണ്ണമായും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വച്ച് നടത്തുവാനും രോഗചികിത്സയുടെ പുരോഗതി ലാബോറട്ടറി ടെസ്റ്റ് വഴി വിലയിരുത്താനും സാധിക്കുന്നുണ്ട്. ഡോക്ടറുടെ നിർദ്ദേശം ലഭിച്ചശേഷം ഭക്ഷണത്തെക്കുറിച്ചും വ്യായാമത്തെക്കുറിച്ചും പ്രത്യേക കൗൺസിലിംഗും പുകയില |

| | | | |
|---|---|---|---|
| | | | നിയന്ത്രണത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നൽകി വരുന്നു. |
| ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി ജീവിതശൈലീ രോഗങ്ങളെക്കുറിച്ച് എന്തെല്ലാം ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | ബി) | ആരോഗ്യപരമായ ഭക്ഷണരീതി, ചിട്ടയായ വ്യായാമം, പുകവലി, മദ്യപാനം, ദുശ്ശീലങ്ങളെക്കുറിച്ചുള്ള അവബോധം എന്നീ വിഷയങ്ങളെ കേന്ദ്രീകരിച്ചാണ് ജീവിതശൈലീ രോഗങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നടത്തി വരുന്നത്. ഇതിനായുള്ള പരിശീലനം ഡോക്ടർമാർക്കും നേഴ്സുമാർക്കും ഫീൽഡ്തല ജീവനക്കാർക്കും നൽകിയിട്ടുള്ളതാണ്. രോഗികൾക്ക് നേരിട്ടും കൂട്ടായും വിവിധ ആരോഗ്യ വിഷയങ്ങളെ സംബന്ധിച്ച് പ്രത്യേക അവബോധവും ചുമതലപ്പെട്ട ജീവനക്കാരിലൂടെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നൽകി വരുന്നു. ചില കുടുംബരോഗ്യ കേന്ദ്രങ്ങളിൽ വ്യായാമം പ്രോൽസാഹിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും ഈ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരുക്കി വരുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സജ്ജമാക്കിയിട്ടുള്ള ടെലിവിഷൻ സംവിധാനങ്ങളും, പബ്ലിക് അഡ്രസ് സിസ്റ്റം, പോസ്റ്ററുകൾ തുടങ്ങിയവ വഴി ജീവിതശൈലിരോഗ നിയന്ത്രണത്തിനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. |
| സി) | ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള മരുന്നുകൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | സി) | ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സൗജന്യമായാണ് നൽകി വരുന്നത്. വരുമാന പരിധിയോ മറ്റെന്തെങ്കിലും മാനദണ്ഡങ്ങളോ കൂടാതെ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഒരുപോലെ ഈ മരുന്നുകൾ സൗജന്യമായി ലഭിക്കുന്നതാണ്. ആശുപത്രി തയ്യാറാക്കുന്ന ഇൻഡന്റിനു പുറമേ സംസ്ഥാന ആരോഗ്യ വകുപ്പ് തയ്യാറാക്കിയ പ്രോട്ടോക്കോൾ പ്രകാരമുള്ള മരുന്നുകൾ സംസ്ഥാന തലത്തിലും കെ.എം.എസ്.സി.എൽ മുഖേന സംഭരിച്ച് വിതരണം ചെയ്തുവരുന്നു. പ്രോട്ടോക്കോളിൽപ്പെടാത്ത ജീവിതശൈലിരോഗത്തിനുള്ള മരുന്നുകൾ കാരുണ്യ ഫാർമസിയിലും നീതിമെഡിക്കൽസിലും സൗജന്യനിരക്കിൽ ലഭിക്കുന്നു. |
| ഡി) | എല്ലാ താലൂക്ക്, ജില്ല, | ഡി) | എല്ലാ താലൂക്ക് ജില്ലാ ജനറൽ ആശുപത്രികളിലും |

| | | | |
|---|---|---|---|
| | ജനറൽ ആശുപത്രികളിലും ജീവിതശൈലീ രോഗ നിർണ്ണയ ക്ലിനിക്കുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | | ജീവിതശൈലിരോഗ നിയന്ത്രണ ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ലിനിക്കുകൾ സജ്ജീകരിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുള്ളതും കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ആശുപത്രികളിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ